പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2360 — 15.07.2011-ൽ മറുപടിയ്ക്ക്

## ചരിത്ര സ്മാരകം വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
| എ) | കാസർഗോഡ് ജില്ലയിൽ പുല്ലൂർ-പെരിയ പഞ്ചായത്തിൽ പെരിയ വില്ലേജിൽ റി.സ.നം.202/2 A യിൽ പൊതുമരാമത്തിന്റെ കൈവശമാണെന്ന് പറയപ്പെടുന്ന 60 സെന്റ് സ്ഥലം ചരിത്രപരമായി എന്തെങ്കിലും പ്രാധാന്യമുള്ള ഭൂമിയാണെന്ന് ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ബ്രിട്ടീഷുകാരുടെ ബംഗ്ലാവുകളുടേയും സൈനികർ ഉപയോഗിച്ച കുതിര ലായത്തിന്റേയും ശേഷിപ്പുകൾ പ്രസ്തുത സ്ഥലത്ത് ഉള്ള കാര്യം ടൂറിസം വകുപ്പിന് അറിവുള്ളതാണോ; | | |
| സി) | എങ്കിൽ ബേക്കൽ ടൂറിസം ഡെസ്റ്റിനേഷൻ, കേന്ദ്രയൂണിവേഴ്സിറ്റി എന്നിവയുടെ ആസ്ഥാനമെന്ന നിലയിൽ വൻ വികസന സാധ്യതയുള്ള പെരിയ വില്ലേജിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത ചരിത്ര സ്മാരകം ഏറ്റെടുത്ത് വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ